

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/05/2024

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കോക്കനട്ട് കൗൺസിൽ 2024-25 പദ്ധതി പ്രകാരം 50% സബ്സിഡി നിരക്കിൽ എറണാകുളം ജില്ലയിലെ കൃഷി ഭവനുകൾ മുഖാന്തിരം നല്ലയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നു. തൈകൾ ലഭിക്കുന്നതിന് ഇതോടൊപ്പമുള്ള ഗൂഗിൾ ഫോം പൂരിപ്പിച്ച് മേയ് 9 വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് അതാത് കൃഷിഭവനുമായി ബന്ധപ്പെടുക.
https://docs.google.com/forms/d/e/ 1FAIpQLSfWoavPCfyl3len74gS_psAouGWKezd
5tula_PmHsBtxj1g7A/
viewform?usp=pp_url

2. വനം വകുപ്പിന്റെ 2024-ലെ വനമിത്ര പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നിർണ്ണയിക്കുന്നത്. എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. 25,000 രൂപയും, ട്രോഫിയും, സർട്ടിഫിക്കറ്റും അടങ്ങിയതാണ് വനമിത്ര പുരസ്ക്കാരം. അപേക്ഷകർ അവർ ചെയ്ത പ്രവർത്തനങ്ങൾ തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം ഓഗസ്റ്റ് 31നകം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ മണിമല റോഡ്, ഇടപ്പള്ളി.പി.ഒ. എറണാകുളം-682024 മേൽവിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484-2344761

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കോട്ടയം മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ 2024 ജൂൺ മാസം വിതരണം ചെയ്യുന്ന 46 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങൾക്കുള്ള ബുക്കിംങ്ങ് ആരംഭിച്ചതായി അസിസ്റ്റൻഡ് ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ പിടക്കുഞ്ഞുങ്ങളെ 25 രൂപയ്ക്കും, പൂവൻ കുഞ്ഞുങ്ങൾ 5 രൂപയ്ക്കും കോഴിവളം കിലോ 3 രൂപയ്ക്കും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംങ്ങിനുമായി 04812373710, 8301897710 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. പട്ടിക ജാതി ഉപവർഗ്ഗ പദ്ധതിയുടെ ഭാഗമായി ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവും ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രവും സംയുക്തമായി സുഗന്ധവിള ഉൽപ്പാദന പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ഞൾ, ഇഞ്ചി എന്നീ വിളകൾ ജില്ലയിൽ വ്യാപിപ്പിക്കുന്നതിനായി പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പദ്ധതിയുടെ ഭാഗമായി, 5 സെന്റിൽ കുറയാതെ അത്യുൽപ്പാദന ശേഷിയുള്ള മഞ്ഞൾ, ഇഞ്ചി വിത്തിനങ്ങൾ കൃഷി ചെയ്യാൻ താൽപ്പര്യമുള്ള പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിളിച്ച് മെയ് 10നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547675124 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. പട്ടിക ജാതി ഉപ പദ്ധതിയുടെ ഭാഗമായി ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം ചെറു തേനീച്ച വളർത്തൽ ജില്ലയിൽ വ്യാപിപ്പിക്കുന്നതിനായി പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പദ്ധതിയുടെ ഭാഗമായി, ചെറു തേനീച്ച

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വളർത്താൻ താൽപ്പര്യമുള്ള പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8547675124 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് ഓപ്പറേഷൻ ബാങ്കിംഗ്& മാനേജ്മെന്റിൽ 2024-25 അധ്യയന വർഷത്തെ MBA(അഗ്രി ബിസിനസ് മാനേജ്മെൻറ്) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക. ജൂൺ മാസം 2 (02.06.2024) വരെ ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

**പരിശീലന പരിപാടി**

7. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിലായി ചീസിൻ്റെ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

8. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മെയ് 27 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ

കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ മെയ് 26 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 27 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

9. റബ്ബർബോർഡിന്റെ കീഴിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) 2024 മെയ് 08 ബുധനാഴ്ച റബ്ബർനടീലിൽ ഏകദിനപരിശീലനം നടത്തുന്നു. റബ്ബർനടീൽ, പരിപാലനം, ഇടവിളക്കൃഷി, കളയെടുപ്പ് എന്നിവ ഉൾപെടുന്നതാണ് പരിശീലനപരിപാടി. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

**വേനൽകാല വിള പരിചരണം–** കുരുമുളക് വിളവെടുപ്പിനുശേഷം വരൾച്ച ഒഴിവാക്കുന്നതിനായി കുരുമുളക് കൊടികൾ നനയ്ക്കുന്നത് നല്ലതാണ്. തുറസ്സായ സ്ഥലങ്ങളിൽ വളരുന്ന ചെടികളുടെ ചുവട്ടിൽ നിന്നും 75 സെ മീ ചുറ്റളവിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

തടമെടുക്കണം. ചെടി ഒന്നിന് 100 ലിറ്റർ എന്ന തോതിൽ 8 മുതൽ 10 ദിവസത്തെ ഇടവേളയിൽ നന നൽകാം.

**തെങ്ങ്** -വേനൽ പരിചരണമായി തെങ്ങിൻ തടത്തിലും, തോട്ടത്തിൽ മുഴുവനായും ലഭ്യമായ ജൈവ വസ്തുക്കളുപയോഗിച്ച് പുതയിടുക. തെങ്ങോലകൾ കത്തിച്ചു കളയാതെ ചെറിയ കഷണങ്ങളാക്കി നെടുകയും കുറുകെയും മൂന്നു നാലു നിരകളായി ഇടുകയോ അഴുകിയ ചകിരിച്ചോർ 7-8 സെ. മീറ്റർ കനത്തിൽ വിരിക്കുകയോ ചെയ്യുക. ഏറ്റവും അടിയിൽ രണ്ടോ മൂന്നോ നിര ഉൾഭാഗം മുകളിൽ വരുംവിധം മലർത്തിയും ഏറ്റവും മുകളിലുള്ള നിര കമിഴ്ത്തിയുമാണ് തൊണ്ട് അടുക്കേണ്ടത്.

**ഫലവർഗ്ഗ വിളകൾ**

- ഫലവർഗ്ഗ വിളകൾക്ക് ചെടിയുടെ തടത്തിൽ പുതയിട്ട് കൊടുക്കുന്നത് നല്ലതാണ്.
- കറുത്ത പോളിത്തീൻ ഷീറ്റുകൾ ഉപയോഗിച്ചും പുതയിടാവുന്നതാണ്.
- തുള്ളിനന ജലസേചനം പ്രാവർത്തികമാക്കുക.
- 0.2% പൊട്ടാസ്യം സൾഫേറ്റ് തളിച്ചുകൊടുക്കുന്നത് വരൾച്ചയെ അതിജീവിക്കുന്നതിന് സഹായകമാകും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം